**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1900** **04/11/2019-ന് മറുപടിക്ക്**

**<u>പി.എസ്.സി. പരീക്ഷകൾ മലയാളത്തിലാക്കുന്നതിന് നടപടി</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ:** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | പി.എസ്.സി നടത്തുന്ന പരീക്ഷകളിൽ ചോദ്യപേപ്പർ ഇംഗ്ലീഷിനോടൊപ്പം മലയാളത്തിലും നൽകുന്നതിന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ടോ; | (എ) | തീരുമാനമെടുത്തിട്ടില്ല |
| (ബി) | ചോദ്യപേപ്പർ മലയാളത്തിൽ തയ്യാറാക്കുന്നതിന് പി.എസ്.സി-യെ സഹായിക്കുന്നതിനായി ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് സമിതി അംഗങ്ങളെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയുടെ ഇംഗ്ലീഷിലുള്ള ചോദ്യങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തി നൽകുന്നതിനുള്ള സംവിധാനങ്ങൾ പരിശോധിക്കുവാൻ മുഖ്യമന്ത്രി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മലയാളഭാഷയിൽ സാങ്കേതിക പദങ്ങൾ കണ്ടെത്തുവാൻ വിവിധ സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരെക്കൂടി ഉൾപ്പെടുത്തി സർക്കാർ ഒരു സമിതി രൂപവൽക്കരിച്ചിട്ടുണ്ട്. |
| (സി) | ചോദ്യപേപ്പർ മലയാളത്തിൽ തയ്യാറാക്കുമ്പോൾ രഹസ്യ സ്വഭാവം കാത്ത് സൂക്ഷിക്കുവാൻ നിലവിലുള്ള സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് പി.എസ്.സി. ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | തീരുമാനമെടുത്തിട്ടില്ല . |

സെക്ഷൻ ഓഫീസർ